REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നവീകരിച്ച 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും, മാഹി സ്റ്റേഷനും ഉദ്ഘാടനം ചെയ്തവയിൽപ്പെടും.**
- **ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകളുടെ ഭാഗമായി ഇന്ത്യൻ സർവകക്ഷി പ്രതിനിധികളുടെ രണ്ട് സംഘങ്ങൾ ജപ്പാനിലും UAE യിലുമെത്തി.**
- **തനതു വരുമാനവും, ആഭ്യന്തര ഉത്പാദനവും വർധിപ്പിക്കാൻ സംസ്ഥാനത്തിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഹയർ സെക്കണ്ടറി സ്കൂളുകളിൽ 'കൂടെയുണ്ട് കരുത്തേകാൻ' പദ്ധതി ജൂൺ രണ്ടിന് ആരംഭിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ നീതിയുടെ പുതിയ സ്വരൂപമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പാകിസ്ഥാന്റെ യഥാർത്ഥ മുഖം ലോകത്തിനു മുന്നിൽ തുറന്നു കാണിക്കുമെന്നും, സിന്ദൂരം മായ്ച്ചവരെ മണ്ണിൽ ലയിപ്പിച്ചെന്നും പ്രധാനമന്ത്രി രാജസ്ഥാനിലെ ബിക്കാനീറിൽ പറഞ്ഞു. അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടെ നവീകരിച്ച 103

അമൃത് ഭാരത് സ്റ്റേഷനുകൾ വെർച്വലായി രാജ്യത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

രാജസ്ഥാനിലെ ബിക്കാനീറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിട്ടു. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും, മാഹി റെയിൽവേസ്റ്റേഷനും ഉദ്ഘാടനം ചെയ്തവയിൽപ്പെടും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

നാടിന്റെ പുരോഗതിക്ക് എല്ലാവരും ഒപ്പമുണ്ടാകണമെന്ന് വടകര റെയിൽവെ സ്റ്റേഷൻ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. പ്രധാനമന്ത്രി വിഭാവനം ചെയ്യുന്നത് വികസിത ഭാരതമാണെന്നും, റെയിൽവെ സ്റ്റേഷൻ നവീകരണത്തിന് നേതൃത്വം നൽകിയ ഡിവിഷണൽ റെയിൽവെ മാനേജറെ അഭിനന്ദിക്കുന്നതായും കേന്ദ്രമന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് 55 റെയിൽവേ മേൽപ്പാലം യാഥാർത്ഥ്യമാവുകയാണെന്ന് ചടങ്ങിൽ PT ഉഷ MP പറഞ്ഞു.

പയ്യോളി മേൽപ്പാലം നിർമ്മിക്കുന്നതിന് ശുപാർശ അംഗീകരിച്ചിരുന്നെങ്കിലും സംസ്ഥാന ഗവൺമെൻറ് സ്ഥലം ഏറ്റെടുത്തു നല്കാൻ തയ്യാറാകാത്തത് ഖേദകരം ആണെന്ന് ഷാഫി പറമ്പിൽ MP പറഞ്ഞു. ഗോവ - കോഴിക്കോട് വന്ദേ ഭാരതിനായി ശ്രമം തുടരുന്നുണ്ടെന്നും, ബംഗളൂർ റൂട്ടിൽ മലബാർ മേഖലയിലേക്ക് വന്ദേ ഭാരത് ട്രെയിൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഷാഫി പറമ്പിൽ അറിയിച്ചു.

വിമാനത്താവളത്തിന് സമാനമായ സൗകര്യങ്ങളാണ് വടകരയിലേതെന്ന് KK രമ MLA യും അഭിപ്രായപ്പെട്ടു. റെയിൽവെ പാസഞ്ചേഴ്സ് അമിനിറ്റി കമ്മിറ്റി മുൻ ചെയർമാൻ PK കൃഷ്ണദാസും ചടങ്ങിൽ പങ്കെടുത്തു.

മാഹി സ്റ്റേഷന്റെ ഉദ്ഘാടന ചടങ്ങിൽ പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ K കൈലാസനാഥൻ മുഖ്യാതിഥിയായിരുന്നു. മാഹി ഉൾപ്പെടുന്ന പുതുച്ചേരി സംസ്ഥാനത്തിന്റെ വികസനത്തിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരികയാണെന്ന് ലെഫ്റ്റനന്റ് ഗവർണർ പറഞ്ഞു. ജിപ്മറിന് സമാനമായ ഇൻസ്റ്റിറ്റ്യൂട്ട് മാഹിയിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ പുരോഗമിക്കുന്നുണ്ടെന്നും ഗവർണർ അറിയിച്ചു.

✪✪✪

തിരഞ്ഞെടുപ്പിൽ ജയിച്ചവർ മാത്രമല്ല വികസന പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങേണ്ടതെന്നും, ജയിച്ചവരും തോറ്റവരും ഒന്നിച്ച് പരിശ്രമിക്കുമ്പോഴാണ് നന്മയുണ്ടാകുന്നതെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. നവീകരിച്ച ചിറയിൻകീഴ് അമൃത് ഭാരത് സ്റ്റേഷന്റെ ഉദ്ഘാടന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചിറയിൻകീഴിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ, പ്രധാനമന്ത്രിയെയും റെയിൽവേ മന്ത്രിയെയും അറിയിച്ച് അത് നടപ്പാക്കുമെന്നും സുരേഷ് ഗോപി പറഞ്ഞു.

രാജ്യത്തിന് സ്തുത്യർഹ സേവനം നൽകിയ ധീര സൈനികരെ ചടങ്ങിൽ സുരേഷ് ഗോപി ആദരിച്ചു.

✪✪✪

എട്ട് മാസത്തിനുള്ളിൽ 100 അമൃത് സ്റ്റേഷനുകൾ കൂടി തയ്യാറാകുമെന്നും 2027-ഓടെ 500 സ്റ്റേഷനുകളുടെ പുനർവികസനം പൂർത്തിയാകുമെന്നും കേന്ദ്ര റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. നവീകരിച്ച ദേഷ്നോക്ക് അമൃത് സ്റ്റേഷൻ സന്ദർശിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, 1971-ലെ ഇന്ത്യ-പാക് യുദ്ധത്തിൽ വീരമൃത്യു വരിച്ച പരമവീര ചക്ര ജേതാവ് സെക്കന്റ് ലെഫ്റ്റനന്റ്, അരുൺ ഖേതർപാലിനെ അനുസ്മരിക്കുന്നു.

റിപ്പോർട്ട് ...

(വോയ്സ് ....)

മഹാരാഷ്ട്രയിലെ പൂനെ സ്വദേശി സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാൽ 1971 ജൂണിലാണ് പൂനെ ഹോഴ്സിൽ ചേർന്നത്. യുദ്ധകാലത്ത്, 17 പൂന ഹോഴ്സിനെ ഇന്ത്യൻ സൈന്യത്തിന്റെ 47-ാമത് ഇൻഫൻട്രി ബ്രിഗേഡായി നിയോഗിച്ചു, ബസന്തർ നദിക്ക് കുറുകെ പാലം സ്ഥാപിക്കുക എന്നതായിരുന്നു ഇവർക്ക് നിശ്ചയിച്ച ജോലി. പാലം പൂർത്തിയാക്കിയ ശേഷം, എഞ്ചിനീയർമാരെ മൈൻ നീക്കം ചെയ്യുന്നതിന് നിയോഗിച്ചു. അതിനിടയിൽ ശത്രുവിന്റെ നീക്കത്തെക്കുറിച്ചു സൂചന ലഭിച്ച അരുൺ ഖേതർപാൽ രണ്ട് ടാങ്കുകളിലായി സൈന്യവുമായി ശത്രുവിനെ നേരിട്ടു. ആക്രമണത്തിനിടെ, രണ്ടാമത്തെ ടാങ്കിന്റെ കമാൻഡർ കൊല്ലപ്പെട്ടു. എന്നാൽ ശത്രുക്കളെ കീഴടക്കുന്നതുവരെ അരുൺ ഖേതർപാൽ ഒറ്റയ്ക്ക് ആക്രമണം തുടർന്നു. ഭീകരമായ ആക്രമണത്തിൽ പാകിസ്താന്റെ പത്ത് ടാങ്കുകൾ നശിപ്പിച്ചു. ഇതിൽ നാലെണ്ണം സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാലാണ്

തകർത്തത്. പിന്നീട് അദ്ദേഹത്തിന്റെ ടാങ്കിന് വെടിയേറ്റു തീപിടിച്ചെങ്കിലും ശത്രുനിരയെ നിഷ്പ്രഭമാക്കി ധീരനായ അരുൺ ഖേതർപാൽ വീരമൃത്യു വരിച്ചു.

ശത്രുവിനെ നേരിടുന്നതിൽ അസാമാന്യ ധീരതയും, സ്ഥൈര്യവും, കർത്തവ്യ നിർവഹണ സാമർത്ഥ്യവും പ്രകടിപ്പിച്ച സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാലിനെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകളുടെ ഭാഗമായി ഇന്ത്യൻ സർവകക്ഷി പ്രതിനിധികളുടെ രണ്ട് സംഘവും നിശ്ചയിച്ച പ്രകാരം അതത് രാജ്യങ്ങളിൽ എത്തി. JDU MP, സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലെ സംഘം ജപ്പാനിലെത്തി.

പാക് ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാടിന് പ്രതിനിധി സംഘം അന്താരാഷ്ട്ര സമൂഹത്തിന്റെ തുടർച്ചയായ പിന്തുണ തേടുകയാണെന്ന് ജപ്പാനിലെത്തിയ സഞ്ജയ് കുമാർ ഝാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമാധാനത്തിനും ജനാധിപത്യ മൂല്യങ്ങൾക്കും വേണ്ടി ജപ്പാനും ഇന്ത്യയും ഒറ്റക്കെട്ടായി നിലകൊള്ളുന്നുവെന്നും MP അറിയിച്ചു. സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിൽ സംഘം ജപ്പാനു പുറമെ ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണ കൊറിയ, സിംഗപ്പൂർ എന്നീ രാജ്യങ്ങളും സന്ദർശിക്കും.

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ച് അന്താരാഷ്ട്ര സമൂഹവുമായി വിവരങ്ങൾ പങ്കുവെയ്ക്കുന്നതിന് രൂപീകരിച്ച ബഹുകക്ഷി പാർലമെന്ററി പ്രതിനിധി സംഘം അബുദാബിയിലെത്തി. ശിവസേന MP ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലെ സംഘമാണ് അബുദാബിയിലെത്തിയത്. UAE ഫെഡറൽ നാഷണൽ കൗൺസിൽ സംഘം അഹമ്മദ് മിർഖൂരി, UAE യിലെ ഇന്ത്യൻ അംബാസിഡർ സഞ്ജയ് സുധീർ എന്നിവർ സംഘത്തെ സ്വീകരിച്ചു. ഭീകരതയ്ക്കെതിരെ ആഗോള സഹകരണം ശക്തിപ്പെടുത്തുന്ന കാര്യങ്ങളടക്കം ഇന്ത്യയുടെ ഭീകരവാദ വിരുദ്ധ പ്രതികരണങ്ങളെക്കുറിച്ച് പ്രതിനിധിസംഘം UAE ഭരണകൂടവുമായി സംസാരിക്കും.

സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, റഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്ന DMK എംപി കനിമൊഴി കരുണാനിധിയും സംഘവും രാവിലെ പുറപ്പെട്ടു.

BJP, MP ബൈജയന്ത് പാണ്ഡെ നയിക്കുന്ന സംഘം സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, അൾജീരിയ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്. BJP, എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലെ സംഘം യുകെ, ഫ്രാൻസ്,

ജർമ്മനി, യൂറോപ്യൻ യൂണിയൻ, ഇറ്റലി, ഡെൻമാർക്ക് എന്നിവിടങ്ങൾ സന്ദർശിക്കും.

കോൺഗ്രസ് MP ശശി തരൂർ നയിക്കുന്ന സംഘം യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നിവിടങ്ങൾ സന്ദർശിക്കും. NCP നേതാവും എംപിയുമായ സുപ്രിയ സുലെ നയിക്കുന്ന ഏഴാമത്തെ സംഘം ഈജിപ്ത്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളാണ് സന്ദർശിക്കുന്നത്.

✪✪✪

ജനങ്ങളുടെ അഭിപ്രായം വിലപ്പെട്ടതാണെന്നും, അവ വികസനത്തിന് സഹായകമാണെന്നും, തനതു വരുമാനവും, ആഭ്യന്തര ഉത്പാദനവും വർധിപ്പിക്കാൻ സംസ്ഥാനത്തിന് സാധിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കൊല്ലം ജില്ലാതല അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകടനപത്രികയുടെ പൂർത്തീകരണം ഉൾപ്പെടുത്തിയ പ്രോഗസ് റിപ്പോർട്ട് നാളെ തിരുവനന്തപുരത്ത് അവതരിപ്പിക്കുമെന്നും, അടുത്തവർഷം പൂർത്തീകരിക്കേണ്ട പദ്ധതിക്കാണ് മുൻഗണന നൽകുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ മന്ത്രി V ശിവൻകുട്ടി ഉച്ച കഴിഞ്ഞ് മൂന്നിന് പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിലൂടെ 3.30 മുതൽ ഫലമറിയാം.

നാലു ലക്ഷത്തി നാൽപത്തി നാലായിരത്തിലധികം വിദ്യാർത്ഥികളാണ് പ്ലസ് ടു പരീക്ഷ എഴുതിയത്. 26,000 ലേറെ വിദ്യാർത്ഥികൾ VHSE രണ്ടാം വർഷ പരീക്ഷ എഴുതി.

✪✪✪

രണ്ട് ഗഡു സാമൂഹിക ക്ഷേമപെൻഷൻ മറ്റന്നാൾ മുതൽ വിതരണം ചെയ്യുമെന്ന് മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. 1,650 കോടി രൂപ ഇതിന് അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി മന്ത്രി V അബ്ദുറഹ്മാൻ നേതൃത്വം നൽകുന്ന ലഹരി വിരുദ്ധ സന്ദേശയാത്ര ഇടുക്കി

ജില്ലയിൽ പ്രവേശിച്ചു. യാത്രയുടെ ഇടുക്കി ജില്ലാതല സമാപനം വൈകിട്ട് തൊടുപുഴയിലാണ്.

✪✪✪

രാജ്ഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ RSS നേതാവ്, S.ഗുരുമൂർത്തിയെ പങ്കടുപ്പിച്ചത് അനുചിതമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഗവർണറെ പ്രതിഷേധം അറിയിക്കാൻ സംസ്ഥാന ഗവണ്മെന്റ് തയാറാകണമെന്ന് സതീശൻ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

ക്രെഡിറ്റ് ഏറ്റെടുത്ത് ഫ്ളക്സ് വച്ചവർ ദേശീയപാത തകർന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ലെന്നും സമഗ്ര അന്വേഷണവും പരിശോധനയും ഇക്കാര്യത്തിൽ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്ക് കത്ത് നൽകുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

കോഴിക്കോട് രാമനാട്ടുകര മേൽപാലത്തിന് സമീപം MDMA യുമായി രണ്ട് യുവാക്കളെ പിടികൂടി.

പൊക്കുന്ന് സ്വദേശികളായ മുഹമ്മദ് നവാസ്, ഇംത്യാസ് എന്നിവരെ ഡാൻസാഫും ഫറോക്ക് പൊലീസും ചേർന്നാണ് പിടികൂടിയത്. ഇവരിൽ നിന്ന് 298 ഗ്രാം MDMA-യാണ് കണ്ടെടുത്തത്.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മീഷണർ ഇടമലക്കുടി സന്ദർശിച്ചു. ഗവൺമെന്റ് സേവനങ്ങൾ പെട്ടെന്ന് ലഭ്യമാകാൻ വിവരാവകാശ നിയമം വഴി വിവരങ്ങൾ ആവശ്യപ്പെടണമെന്ന് കമ്മീഷണർ ഡോ. KN. ദിലീപ്കുമാർ പറഞ്ഞു.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ ട്രൈബൽ LP സ്കൂളിൽ സംഘടിപ്പിച്ച വിവരാവകാശ നിയമ ശിൽപശാലയിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞജാഗ്രതയും, നാളെ പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

ഞായറാഴ്ച വരെ കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യയുടെ കിഡംബി ശ്രീകാന്ത്, ക്വാലാലംപൂരിൽ മലേഷ്യ മാസ്റ്റേഴ്സിന്റെ ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. അയർലണ്ടിനെയാണ് കിഡംബി ശ്രീകാന്ത് തോൽപ്പിച്ചത്.

മിക്സഡ് ഡബിൾസ് ജോഡിയായ ധ്രുവ് കപില - തനീഷ ക്രാസ്റ്റോയും ക്വാർട്ടറിൽ കടന്നിട്ടുണ്ട്. ഫ്രാൻസ് സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

---

*News Editor & Reader : വി കെ സുരേഷ്*
*News Reader : സബിത ആനന്ദ്*
*News Team: നിമിഷ ജി*
*DEO : ഷീബ*